# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5088 22.05.2017- ൽ മറുപടിക്ക്

**വില്ലേജ് മാനുവൽ പ്രകാരം സർക്കാർ ഭൂമിയുടെ അതിർത്തി പരിശോധന**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അനിൽ അക്കര,**<br>**,, എ.പി. അനിൽ കുമാർ,**<br>**,, അടൂർ പ്രകാശ്,**<br>**,, ഐ.സി.ബാലകൃഷ്ണൻ.** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് മാനുവൽ അധ്യായം ഒൻപതിലെ 134-ാം നിർദ്ദേശം അനുസരിച്ച് വില്ലേജ് അസിസ്റ്റന്റുമാർ മൂന്നു മാസത്തിലൊരിക്കൽ സർക്കാർ ഭൂമിയുടെ അതിർത്തി പരിശോധിക്കുകയും അളന്ന് തിട്ടപ്പെടുത്തുകയും ചെയ്യണമെന്ന് നിബന്ധനയുണ്ടോ; | (എ) വില്ലേജ് മാന്വൽ അധ്യായം 9 ലെ ഖണ്ഡിക 134 അനുസരിച്ച് അനധികൃത പ്രവേശനങ്ങൾ യഥാസമയം കണ്ടുപിടിക്കുന്നതിനുവേണ്ടി വില്ലേജ് അസിസ്റ്റന്റ് 3 മാസത്തിലൊരിക്കലെങ്കിലും സർക്കാർ വക ഭൂമികളുടെ അതിർത്തിയിലുള്ള സർവ്വേ അടയാളങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതും, വിവരം വില്ലേജാഫീസറെ ധരിപ്പിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. |
| (ബി) ഈ നിബന്ധനപ്രകാരം മൊത്തം ഭൂമിയുടെ 10% റവന്യൂ ഇൻസ്പെക്ടറും 5% തഹസീൽദാരും, മൂന്നു മാസത്തിലൊരിക്കൽ നേരിട്ട് പരിശോധന നടത്തേണ്ടതുണ്ടോ; | (ബി) അനധികൃത പ്രവേശനം സംബന്ധിച്ച് വില്ലേജ് അസിസ്റ്റന്റ് റിപ്പോർട്ട് ചെയ്യുന്ന കേസുകളിൽ 10 % റവന്യൂ ഇൻസ്പെക്ടറും, 5% തഹസീൽദാരും ഓവർ ചെക്ക് ചെയ്യാൻ ഈ നിയമ പ്രകാരം ബാധ്യസ്ഥരാണ്. |
| (സി) അധികാരികൾ കേരളത്തിലെ ഏതെങ്കിലും സ്ഥലത്ത് മേൽപ്പറഞ്ഞ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പരിശോധന കൃത്യമായ രീതിയിൽ നടത്തുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) മേൽപ്പറഞ്ഞ നിയമങ്ങൾ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**